"ഭരണഭാഷ-മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - ചെറുതന ഗ്രാമപഞ്ചായത്ത് - 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(9) സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം. 1580/13/തസ്വഭവ. തിരുവനന്തപുരം, തീയതി: 17/06/2013

പരാമർശം:- 1) 27/11/2012-ലെ ചെറുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ എ 1/5741/12-ാം നമ്പർ കത്ത്.
2) 28/01/2013-ലെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഇ 6-923/13-ാം നമ്പർ കത്ത്.
3) 17/04/2013-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ LF-3910/P.T1/13-ാം നമ്പർ കത്ത്.

## ഉത്തരവ്

ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(9) പ്രകാരം മാടശ്ശേരി കണ്ണിചേരി റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന വേലയ്ക്ക് തനത് ഫണ്ടിനു പകരം പദ്ധതി വിഹിതത്തിൽ നിന്നും 68,158/- രൂപ ചെലവഴിച്ചതിന് സർക്കാർ സാധൂകരണം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് പരാമർശം(1)ലെ കത്തിലൂടെ ചെറുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിരിക്കുന്നു.

പ്രസ്തുത ആഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകണമെന്ന് പഞ്ചായത്ത് കമ്മിറ്റിയുടെ 25/10/2012-ലെ V(1)-ാം നമ്പർ തീരുമാനം ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം രണ്ട് പ്രകാരം സർക്കാരിൽ ശുപാർശ ചെയ്തിട്ടുണ്ട്.

മറ്റു ഫണ്ടുകൾ ലഭ്യമാകാതിരുന്നതിനാലാണ് വേല പൂർത്തീകരിക്കാതിരുന്നതെന്നും തനതു ഫണ്ടിന്റെ ദൗർലഭ്യം കൂടി പരിഗണിച്ചാണ് പദ്ധതി പണം വിനിയോഗിച്ചതെന്നുമുള്ള പഞ്ചായത്തിന്റെ മറുപടി പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ പരിഗണിച്ചും ആഡിറ്റ് മോണിറ്ററിംഗ് സമിതി ശുപാർശ പരിഗണിച്ചും ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് പരാമർശം (3) കത്തു പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.9 പ്രകാരം തടസ്സപ്പെടുത്തിയ മാടശ്ശേരി-കണ്ണിച്ചേരി റോഡ് മെറ്റലിംഗ് & ടാറിംഗ് എന്ന വേലയ്ക്ക് തനത് ഫണ്ടിന് പകരം പദ്ധതി വിഹിത ഇനത്തിൽ 68,158/- രൂപ (അറുപത്തിയെട്ടായിരത്തി നൂറ്റി അമ്പത്തിയെട്ട് രൂപ മാത്രം) ചെലവഴിച്ച ചെറുതന ഗ്രാമപഞ്ചായത്തിന്റെ നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എ. ജവഹറാ ബീവി
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചെറുതന ഗ്രാമപഞ്ചായത്ത്, ആലപ്പുഴ ജില്ല
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ